I ഇ.ബി. XV - കേരള നിയമസഭ/III-4

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 7, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

വന്യമൃഗ ആക്രമണം

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും കൃഷിസ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ കടന്നുകയറ്റവും

ആക്രമണവും കാരണം മനുഷ്യജീവൻ നഷ്ടപ്പെടുകയും നിരവധിപേർക്ക് ഗുരുതര പരിക്കേൽക്കുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണംമൂലം കാർഷിക വിളകൾക്കും മനുഷ്യജീവനും നാശം സംഭവിക്കുന്നുണ്ടെന്നത് നിഷേധിക്കാനാവില്ല. കൃഷിഭൂമിയിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ കടന്നുകയറ്റം തടയുന്നതിനായി വനാതിർത്തികളിൽ ട്രഞ്ചുകൾ കുഴിക്കുകയും ഫെൻസിംഗുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വനാതിർത്തിയിലുള്ള കർഷകർക്ക് മാറിത്താമസിക്കുന്നതിന് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് വനമേഖലയുമായി ചേർന്ന 9 ജില്ലകളിലെ എം.എൽ.എ.-മാരുമായി നടത്തിയ ചർച്ചയുടെ കരട് റിപ്പോർട്ട് മുഖ്യമന്ത്രിക്ക്

സമർപ്പിക്കുന്നതാണ്. ജീവനും സ്വത്തിനും നാശം സംഭവിക്കുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നുണ്ട്.

ശ്രീ. സണ്ണി ജോസഫ്: ഈ വിഷയം സംബന്ധിച്ച് അഞ്ച് ജില്ലകളിലെ കർഷകർ ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിക്കുകയും ആറളത്ത് ആന പ്രതിരോധ മതിൽ സ്ഥാപിക്കുന്നതിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 125 പേർ കാട്ടാനയുടെ ആക്രമണത്തിലും വയനാട്ടിൽ മൂന്ന് പേർ കടുവയുടെ ആക്രമണത്തിലും കൊല്ലപ്പെട്ടിട്ടുണ്ട്. കാട്ടാനശല്യം വർദ്ധിക്കുന്നുണ്ടെങ്കിലും ഫലപ്രദമായ നടപടികളുണ്ടാകുന്നില്ല. ആനകളുടെ എണ്ണത്തിലെ വർദ്ധനവിനനുസൃതമായി സ്ഥല ലഭ്യതയില്ലാത്തതും അയൽസംസ്ഥാനങ്ങളിലെ വനമേഖലയിൽനിന്നും ജലം തേടി കേരളത്തിലേയ്ക്ക് കാട്ടാനകൾ വരുന്നതും വിഷയം സങ്കീർണ്ണമാക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ പണലഭ്യത ഉറപ്പുവരുത്താനോ വന്യമൃഗങ്ങളുടെ സംരക്ഷണത്തിനുൾപ്പെടെ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. വന്യമൃഗങ്ങളുടെ

ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സ്ഥിരനിയമനം നൽകുന്നതോടൊപ്പം നഷ്ടപരിഹാരം, പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ധനസഹായം, കൃഷിനാശത്തിനുള്ള ധനസഹായം എന്നിവ വർദ്ധിപ്പിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വനം വകുപ്പിന്റെ പ്ലാൻ വിഹിതം വർദ്ധിപ്പിക്കുന്നതിന് പരിഗണന നൽകുമെന്ന് പ്ലാനിംഗ് ബോർഡ് ഉറപ്പുനൽകിയിട്ടുണ്ട്. പ്രതിരോധപ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിനും ജനജാഗ്രതാ സമിതികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഡ്രോൺ നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കും. കൃഷിഭൂമിയിൽ അതിക്രമം കാണിക്കുന്ന വന്യമൃഗങ്ങൾക്കുനേരെ നിയന്ത്രണമില്ലാതെ വെടിവയ്ക്കുന്നതിനുപകരം കൂടുതൽ കുളങ്ങൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള ശാശ്വതപരിഹാര മാർഗ്ഗം കണ്ടെത്തും. വനം വകുപ്പിലെ ജീവനക്കാരുടെ സൗകര്യങ്ങളും ആർ.ആർ.ടി., ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവയുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതി പരിഗണനയിലുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും കൃഷി സ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുന്ന നിരവധി പരാതികളാണ് ഉയർന്നുവന്നിട്ടുള്ളത്. വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികളിൽ മാറ്റമുണ്ടാക്കുന്നതിന് കോംപ്രിഹെൻസീവ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും ആനത്താരകൾ പുന:സ്ഥാപിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനായി സി.സി.എഫ്.-ന്റെ നേതൃത്വത്തിൽ ഒരു വിംഗ് വനം വകുപ്പ് ആരംഭിക്കുന്നതിനും വനാതിർത്തികളിൽ താമസിക്കുന്നവർക്കായി ഒരു സ്പെഷ്യൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

## II ശ്രദ്ധക്ഷണിക്കൽ

(1) കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ജി. എസ്. ജയലാൽ: കശുവണ്ടി വ്യവസായ മേഖലയിൽ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും തോട്ടണ്ടിയുടെ

ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് വ്യവസായത്തെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കശുവണ്ടി വ്യവസായ കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ പ്രവർത്തനം കോവിഡ്-19 വ്യാപനംമൂലം 2020 മാർച്ച് മാസത്തിൽ നിലച്ചെങ്കിലും ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. ഫാക്ടറികളുടെ നവീകരണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തുകയും തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും മറ്റാനുകൂല്യങ്ങളും മുടക്കമില്ലാതെ നൽകുകയും ചെയ്യുന്നുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നും 1500 തൊഴിലാളികൾക്ക് കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ തൊഴിൽ നൽകിയിട്ടുണ്ട്. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അത്യുല്പാദനശേഷിയുള്ള കശുമാവിൻതൈകൾ വികസിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും 2021 ഡിസംബർ വരെ ഫാക്ടറികൾക്ക് പ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടി ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. വ്യവസായികളുടെ വായ്പകൾ പുനഃക്രമീകരിക്കാനും അല്ലാത്തവ ഒറ്റത്തവണ തീർപ്പാക്കാനുള്ള ഫോർമുല രൂപീകരിക്കുന്നതുമാണ്.

## 2. സുനാമി കോളനികളുടെ ശോചനീയാവസ്ഥ

ശ്രീ. സി. ആർ. മഹേഷ്: സംസ്ഥാനത്തെ സുനാമി കോളനികളുടെ ശോചനീയാവസ്ഥയും കുടിവെള്ളക്ഷാമവും, മാലിന്യ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സുനാമി ഫ്ലാറ്റുകൾ/വീടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾതന്നെയാണ് ചെയ്തുവരുന്നത്. ടി കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞുകവിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങളുടെ പരിപാലന ചുമതല അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. ജൽജീവൻ മിഷനിലുൾപ്പെടുത്തി മാവേലിക്കര, കണ്ടിയൂർ കടവിലുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ-കം-പമ്പ്ഹൗസിലെ പമ്പ് സെറ്റ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാകുന്നതോടെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ക്ലാപ്പന പഞ്ചായത്തുകളിലെ സുനാമി കോളനി ഉൾപ്പെടെയുള്ള

പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതാണ്. പരവൂർ, മയ്യനാട് വില്ലേജുകളിലുൾപ്പെട്ട കല്ലുകുന്ന്, കുറ്റിക്കാട് സുനാമി ഫ്ലാറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിർമ്മിതി കേന്ദ്രം, ഹൗസിംഗ് ബോർഡ് എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുനാമി കോളനി നിവാസികളുടെ ദുരിതങ്ങൾക്ക് ശാശ്വത പരിഹാരമാർഗ്ഗം കണ്ടെത്തുന്നതാണ്.

## III. സബ്മിഷൻ

### 1. പ്രളയ ദുരിതാശ്വാസ ഫണ്ട് പുനഃസ്ഥാപിക്കൽ

ശ്രീ. ടി. ജെ. വിനോദ്: തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രളയ ദുരിതാശ്വാസ പൊതുവിഭാഗം ഫണ്ട് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2018-ലെ പ്രളയവും ഉരുൾപൊട്ടലും സാരമായി ബാധിച്ച പഞ്ചായത്ത്/നഗരസഭാ സ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 250 കോടി രൂപ അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചുനൽകുകയും പ്രളയത്തിൽ തകർന്നതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു

ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. 2019 ഡിസംബറിൽ ഫണ്ട് അനുവദിച്ചുവെങ്കിലും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി അനുവദിക്കുകയുണ്ടായി. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രളയ ഫണ്ടിൽ സ്പിൽ ഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി 2021-22 വർഷത്തെ പദ്ധതി ക്രമപ്പെടുത്തുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.

## 2. ഭൂമി തരംമാറ്റ അപേക്ഷ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സംസ്ഥാനത്തെ ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂമി തരംമാറ്റുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വില്ലേജ്/കൃഷി ഓഫീസുകളിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കിയും സ്ഥലപരിശോധന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയും മാത്രമേ തീർപ്പ് കൽപ്പിക്കാൻ സാധിക്കുകയുള്ളൂ. പൊതുതെരഞ്ഞെടുപ്പ്, ലോക്ഡൗൺ തുടങ്ങിയ

സാഹചര്യങ്ങളിലാണ് പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടത്. ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ വീഡിയോ കോൺഫറൻസ് മുഖാന്തരം എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം വിളിച്ച് ഭൂമിതരംമാറ്റത്തിനുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

3. നെന്മാറയിൽ കാർഷിക കോളേജ് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. ബാബു (നെന്മാറ): പാലക്കാട് കൊല്ലങ്കോട് നെന്മാറയിൽ കാർഷിക കോളേജ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പാലക്കാട് കൊല്ലങ്കോട് നെന്മാറയിൽ കാർഷിക കോളേജ് അനുവദിക്കുന്നതിനായി കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പ് ഡയറക്ടറുമായി നടത്തിയ ചർച്ചയിൽ കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠനം നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും നടപടികൾ പൂർണ്ണതയിലെത്തിയിട്ടില്ല. ഇക്കാര്യത്തിൽ കൃത്യമായ പരിശോധന ആവശ്യമുണ്ട്.

## 4. ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആലത്തൂർ താലൂക്കാശുപത്രിയുൾപ്പെടെ സംസ്ഥാനത്തെ 44 ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുകയും പദ്ധതി നടത്തിപ്പിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന ആലത്തൂർ താലൂക്കാശുപത്രിയിൽ അഞ്ച് ഡയാലിസിസ് കിടക്കകൾ സജ്ജീകരിക്കുന്നതിനായി ഡയാലിസിസ് കേന്ദ്രത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയാക്കുകയും ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നവംബർ ആദ്യവാരം ആലത്തൂർ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ

ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 5. ചാവക്കാട് താലൂക്കാശുപത്രി വികസനം

ശ്രീ. എൻ. കെ. അക്ബർ: ചാവക്കാട് താലൂക്കാശുപത്രിയിൽ മുനിസിപ്പാലിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുകയും വേണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ചാവക്കാട് താലൂക്കാശുപത്രിയിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമെ ആർദ്രം മിഷന്റെ ഭാഗമായി ആറ് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൂടുതൽ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രസ്തുത ആശുപത്രിയിൽ എൻ.എച്ച്.എം. അനുവദിച്ച 70 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിവരികയും മെറ്റേണിറ്റി ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവൃത്തികൾ പ്രവർത്തനസജ്ജമാക്കുകയും പവർ ലോൺട്രി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചാവക്കാട് മുനിസിപ്പാലിറ്റി സമർപ്പിച്ച മാസ്റ്റർ പ്ലാൻ വിശദമായി

പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## 6. വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. എൻ. ഷംസുദ്ദീൻ: പ്രവൃത്തി മുടങ്ങിയ വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുകയും ആസ്തി വികസന ഫണ്ട് വിനിയോഗത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും വേണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2016-17 ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ കാര്യങ്ങൾ പരിശോധിക്കുന്നതാണ്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടവയാണ്.

## 7. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന ശമ്പളം, ഇ.പി.എഫ്., പെൻഷൻ ഗ്രാറ്റുവിറ്റി

ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും ബാങ്ക് വായ്പകൾ ഒറ്റത്തവണയായി സെറ്റിൽ ചെയ്യുന്നതിനും ഇ-ആട്ടോ വിതരണവും സർവ്വീസിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനും ഇ-ഓട്ടോ നിർമ്മിക്കുന്നതിനും കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ധനസഹായം നൽകിയിട്ടുണ്ട്. റിയാബിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന:സംഘടന നടത്തുന്നതിനും കണ്ണൂരിൽ ഒരു പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## 8. കൊച്ചി അഴിമുഖത്തെ അപകടങ്ങൾ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: കൊച്ചി അഴിമുഖത്തിൽ അപകടത്തിനുകാരണമാകുന്ന മണൽത്തിട്ടകളും മത്സ്യബന്ധനയാനങ്ങളുടെ അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും മറൈൻ ആംബുലൻസുകളുടെ സേവനം വ്യാപകമാക്കാനും ഹെലികോപ്റ്റർ ആംബുലൻസ് സൗകര്യം ലഭ്യമാക്കാനും നിലവിലുള്ള സീ റെസ്ക്യൂ ഗാർഡുകളെ

സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ബോട്ടുകളുടെ എഞ്ചിൻ തകരാറും മറ്റ് സാങ്കേതിക പ്രശ്നങ്ങളും കാരണമാണ് കൊച്ചി-മുനമ്പം മേഖലയിൽ അപകടങ്ങൾ സംഭവിക്കുന്നത്. നിലവിൽ മറൈൻ ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. മണലും അപകടത്തിൽപ്പെട്ട യാനങ്ങളുടെ അവശിഷ്ടങ്ങളും നീക്കം ചെയ്യാത്തതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഫിഷറീസ് വകുപ്പ്, ജില്ലാ ഭരണകൂടം, ദുരന്ത നിവാരണ വിഭാഗം, മാരിടൈം ബോർഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം എന്നിവയുടെ സംയുക്തയോഗം ചേർന്ന് പരിഹാരം കണ്ടെത്തുന്നതാണ്.

9. അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ

ശ്രീ. എ. കെ. എം. അഷ്റഫ്: സ്ഥിരം നിയമനത്തിലൂടെയോ ദിവസ വേതനാടിസ്ഥാനത്തിലോ കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ

തന്നെ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ തുടരാനും അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമന ഉത്തരവ് ലഭിച്ചവരെ 15-07-2021 മുതൽ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണെന്നും അഡ്വൈസ് നൽകിയവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകാനും 2021-22 വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരമുള്ള നിയമന നടപടികൾ സ്വീകരിക്കാമെന്നും ഉത്തരവായിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## 10. കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത

ശ്രീ. ഇ. ചന്ദ്രശേഖരൻ: നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേരള, കർണ്ണാടക സംസ്ഥാനങ്ങളിലുൾപ്പെടുന്ന നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ പദ്ധതി നിലവിൽ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രങ്ങൾ റെയിൽവേ നൽകാത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി

തലത്തിൽ റെയിൽവേ ബോർഡുമായി ചർച്ചകൾ നടന്നുവരികയാണ്.

## IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്കയയ്ക്കണമെന്ന പ്രമേയവും.

(i) 2021- ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു; ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

## VI. ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബില്ലിന്റെ ഉദ്ദേശ്യ കാരണങ്ങളിൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നുവെന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്. പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോഴും അന്തർ സർവ്വകലാശാല കൂടിയാലോചനാസമിതികൾ രൂപീകരിക്കുമ്പോഴും സർവ്വകലാശാലയുടെ ഫണ്ടിൽ അധികച്ചെലവുകൾ പ്രതീക്ഷിക്കേണ്ടതാണ്. നിയമനിർമ്മാണോദ്ദേശ്യം വ്യക്തമാക്കാതെയും കൃത്യമായ ധനകാര്യ മെമ്മോറാണ്ടമില്ലാതെയും നിയമനിർമ്മാണം നടത്തുന്നത് ഉചിതമല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനാധാരമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമായി ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിട്ടുണ്ട്. അന്തർസർവ്വകലാശാല കൂടിയാലോചനാ

സമിതികളിൽ അംഗങ്ങളാകുന്നത് പ്രോ ചാൻസലർ, വൈസ് ചാൻസലർ, മറ്റ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരാണ് പ്രസ്തുത അംഗങ്ങൾക്കായി യാതൊരു ചെലവും അധികമായി വരുന്നില്ല. പുതിയ കോഴ്സുകളുടെ അപേക്ഷ പരിഗണിക്കുന്നതിന് സിൻഡിക്കേറ്റിന് ഒരു മാസത്തെ സമയപരിധി ദീർഘിപ്പിച്ചുനൽകുന്നതിനാണ് ഈ നിയമഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലുകൾ നിലവിൽ വരുന്നതുമൂലം സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരുവിധ അധിക ചെലവും വരുന്നതല്ലെന്നാണ് ഉന്നത വിദ്യാഭ്യാസ/നിയമ വകുപ്പുകളുടെ നിലപാട്. ആയതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും വിദ്യാഭ്യാസം

സംബന്ധിച്ച VI-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): നവസാങ്കേതിക വിദ്യയുടെ മുന്നേറ്റങ്ങൾ സ്വാംശീകരിച്ചുകൊണ്ടുള്ള പരിവർത്തനങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യം വയ്ക്കുന്നത്. സർവ്വകലാശാലകളിൽ അഫിലിയേറ്റ്ചെയ്ത കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും ക്ലാസുകൾ ആരംഭിക്കാനുള്ള അവസാന തീയതി നവംബർ 1 ആണ് യു.ജി.സി. നിശ്ചയിച്ചിരുന്നത്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷകൾ പരിശോധിച്ച് നടപടി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാല ആക്ടുകളിൽ ഭേദഗതി ആവശ്യമായി വന്നു. അപ്പലേറ്റ് ട്രൈബ്യൂണൽ സംബന്ധിച്ച പുതിയ വ്യവസ്ഥകൾ കേരള സർവ്വകലാശാല ആക്ടിൽ ഉൾപ്പെടുത്താനും എല്ലാ സർവ്വകലാശാലകൾക്കുംകൂടി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന ഭേദഗതി കൊണ്ടുവരാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ഗവേണിംഗ് കൗൺസിലിന് പകരം ഗവേണിംഗ് ബോഡി എന്ന മാറ്റവും സർവ്വകലാശാലകളുടെ ഗുണനിലവാരം പരിശോധിക്കുന്ന കമ്മിറ്റികളെ സംബന്ധിച്ചും കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതും പുതുക്കുന്നതും അവയുടെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ചുള്ള വ്യവസ്ഥകളും ബില്ലിൽ വിഭാവന ചെയ്യുന്നുണ്ട്. 2020-21-ൽ പുതിയതായി അനുവദിച്ച കോഴ്സുകൾ ആരംഭിക്കാനുള്ള കോളേജുകളുടെ അപേക്ഷകൾ സിൻഡിക്കേറ്റിന് പരിഗണിക്കാൻ ഒരു മാസത്തെ സമയപരിധി നൽകി കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാല ആക്ടുകൾ ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിൽ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്ട്, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് എന്നിവയ്ക്കുള്ള ഭേദഗതികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ടി ആക്ടുകളിലും അന്തർസർവ്വകലാശാല കൂടിയാലോചന സമിതി, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഭേദഗതി ബില്ലിന് സമാനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

Prof. Abid Hussain Thangal: Sir, I move that - This House Resolves to disapprove The University Laws (Amendment) Ordinance, 2021 (Ordinance No.96, 97 & 99 of 2021). ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ സ്വയംഭരണ കോളേജുകളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് ബില്ലിലൂടെ കൊണ്ടുവരാനുദ്ദേശിക്കുന്നത്. 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റിപ്പോർട്ടനുസരിച്ച് കേരളത്തിലെ വിവിധങ്ങളായ സർവ്വകലാശാലകളിലെ 19 കോളേജുകളാണ് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നത്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ പ്രവർത്തനത്തിന് പ്രോത്സാഹനം നൽകുന്നതിനുപകരം അവരുടെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണ് സർക്കാർ നടത്തുന്നത്. കലാലയങ്ങളെയും കലാശാലകളെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുകയാണ് വേണ്ടത്. വിജ്ഞാനോത്പാദനത്തിന്റെയും പ്രസരണത്തിന്റെയും കേന്ദ്രമായി സർവ്വകലാശാലകൾ കരുത്താർജ്ജിക്കേണ്ടത് നാടിന്റെ ആവശ്യമാണ്. പുതുക്കിയ ഗൈഡ്‌ലൈൻസ് സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. സ്വയംഭരണ പദവി നീട്ടിക്കിട്ടാൻ ഓരോ വർഷവും ഫീസ് അടയ്ക്കണമെന്ന ബില്ലിലെ വ്യവസ്ഥ പിൻവലിക്കണം.

കോളേജുകളിലെ ഗവേണിംഗ് ബോഡിയുടെ അധികാരങ്ങളെപ്പറ്റി വ്യക്തമാക്കുകയും ഗവേണിംഗ് ബോഡിയുടെ യോഗത്തിന്റെ ക്വാറം അംഗങ്ങളുടെ മൂന്നിൽ രണ്ടായി ഉയർത്തിയിരിക്കുന്നത് പുന:പരിശോധിക്കുകയും വേണം. ഗവേണിംഗ് ബോഡിയിൽ കോളേജ് യൂണിയൻ ചെയർമാനെ ഉൾപ്പെടുത്തുന്നതും ഗവേണിംഗ് കൗൺസിലിലേയ്ക്ക് അദ്ധ്യാപകരിൽനിന്നും തെരഞ്ഞെടുപ്പ് നടത്തുന്നതും പിൻവലിക്കണം. സ്വയംഭരണ കോളേജുകളുടെ അക്കാദമിക രംഗത്ത് രാഷ്ട്രീയവൽക്കരണത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. അന്തർസർവ്വകലാശാല കൂടിയാലോചനാ സമിതിയിൽ അക്കാദമിക രംഗത്തെ വിദഗ്ധരെ നിയമിക്കുകയും പരാതി പരിഹാര സമിതിയിൽ പ്രിൻസിപ്പാൾ, കോളേജിലെ ഒരു വിദ്യാർത്ഥി പ്രതിനിധി, പ്രാദേശിക ജനപ്രതിനിധി എന്നിവരെ ഉൾപ്പെടുത്തുകയും വേണം. എല്ലാ സമിതികളിലും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രതിനിധികളെ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം. സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും ആധുനിക സാങ്കേതികവിദ്യാ

കോഴ്സുകളും കൂടുതൽ സ്വയംഭരണ കോളേജുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സ്വയംഭരണ കോളേജുകൾക്ക് സുഗമമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നതിന് പകരം അവയെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ പിന്നോട്ട് പോകുന്നതിന് പരിഹാരം കാണണം. പരീക്ഷകൾ കൃത്യമായി നടത്തി സമയബന്ധിതമായി ഫലം പ്രസിദ്ധീകരിക്കാനും ഡിഗ്രി, പി.ജി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. അക്കാദമിക് രംഗത്ത് മികവുതെളിയിച്ച പ്രഗത്ഭരായവർക്കുപകരം സാധാരണ അദ്ധ്യാപകർക്ക് എമിററ്റസ് പ്രൊഫസർ പദവി നൽകുന്നത് ആ പദവിയുടെ ഡിഗ്നിറ്റി നഷ്ടപ്പെടാൻ ഇടയാക്കും. പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും വ്യാപകമായ ക്രമക്കേടാണ് നടക്കുന്നത്. യൂണിവേഴ്സിറ്റി നിയമനങ്ങളിൽ സംവരണം കൃത്യമായി പാലിക്കപ്പെടണം. ആധുനിക കാലഘട്ടത്തിനനുസരിച്ചുള്ള സിലബസും കോഴ്സുകളും സ്വതന്ത്രമായി ഡിസൈൻ ചെയ്യുന്നതിന് യൂണിവേഴ്സിറ്റികൾക്ക് അധികാരം നൽകുന്ന

തരത്തിലുള്ള നിയമനിർമ്മാണം ആവശ്യമാണ്. കേരളത്തെ ഒരു ഹയർ എഡ്യൂക്കേഷൻ ഹബ് ആയി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. എ.കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. കെ. ബഷീർ: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 05-04-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോവിഡ് കാലയളവിൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കഴിഞ്ഞിട്ടില്ലായെന്നതും കൗൺസിൽ യോഗം കൃത്യമായി ചേരാൻ കഴിയാത്തതും പ്രതിഷേധാർഹമാണ്. ബിരുദധാരികൾക്ക് വിദേശ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കാനും മൂന്നുവർഷ ബിരുദ കോഴ്സുകൾ നാലുവർഷ ബിരുദ കോഴ്സുകളാക്കി പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കോളേജുകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിന് NAAC മാതൃകയിൽ SAAC നടപ്പാക്കുകയും ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പി.ജി. വെയിറ്റേജ് കുറച്ച നടപടി പിൻവലിക്കുകയും വേണം. ബിരുദ മേഖലയിൽ പുതിയ കോഴ്സുകളും

പിന്നാക്ക മേഖലകളിൽ പുതിയ കോളേജുകളും ആരംഭിക്കാൻ നടപടിയുണ്ടാകണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റം വരുത്തുന്നതരത്തിലുള്ള നിയമനിർമ്മാണമുണ്ടാകണം.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. എസ്. അരുൺ കുമാർ: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർവ്വകലാശാല നിയമങ്ങൾ രൂപകൽപ്പന ചെയ്യുന്നത് സ്വാഗതാർഹമാണ്. ശാസ്ത്ര-സാങ്കേതികരംഗങ്ങളിലുൾപ്പെടെ സമ്പൂർണ്ണ വിദ്യാഭ്യാസ പരിവർത്തനത്തിനും സർവ്വകലാശാലകളെ തൊഴിൽദായക കേന്ദ്രങ്ങളാക്കാനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ശാസ്ത്രസാങ്കേതിക വിഷയങ്ങളും അതിനൂതന പാഠ്യപദ്ധതികളും മലയാള ഭാഷയിൽ പഠിപ്പിക്കുന്ന സ്ഥിതിയുണ്ടാകണം. വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ പഠനം നടത്തുന്നതിന് അന്തർ സർവ്വകലാശാല വിദ്യാ വിനിമയം നടപ്പാക്കണം.

ശ്രീ. എം. വിൻസെന്റ്: I move that- This House resolves to disapprove The University Laws (Amendment) (No.2) Ordinance, 2021

(Ordinance No. 94 & 100 of 2021). ബില്ലിൽ അപ്പലേറ്റ് ട്രൈബ്യൂണൽ, അന്തർ സർവ്വകലാശാല കൂടിയാലോചന സമിതിയുടെ രൂപീകരണം എന്നീ ഭേദഗതികളിലാണ് മാറ്റം വരുത്തേണ്ടത്. അന്തർ സർവ്വകലാശാലാ കൂടിയാലോചനാ സമിതിക്ക് ക്വാറം നിശ്ചയിക്കണം. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാ മൂല്യനിർണ്ണയത്തിലെ വീഴ്ച അന്വേഷിക്കുകയും അദ്ധ്യാപക നിയമനത്തിൽ യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കുകയും വേണം. സർവ്വകലാശാലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിനും പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. കിഫ്ബി ഫണ്ടുപയോഗിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നടത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കണം. കാഞ്ഞിരംകുളം കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഷാഫി പറമ്പിൽ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ

വിദ്യാഭ്യാസമേഖല കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. പ്ലസ് വൺ, ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജാഗ്രതയോടെയുള്ള ഇടപെടൽ നടത്തണം. കോളേജ് പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം. കോവിഡ് പശ്ചാത്തലത്തിൽ കോളേജുകളിലെ പരീക്ഷ/ഓൺലൈൻ ക്ലാസുകൾ എന്നിവയ്ക്കാവശ്യമായ സംവിധാനമൊരുക്കുന്നതിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കൊട്ടുവായൂർ ടീച്ചർ എഡ്യുക്കേഷൻ സെന്ററിന്റെ അംഗീകാരം റദ്ദാക്കിയ നടപടിയിൽ ഇടപെടുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എം. സച്ചിൻദേവ്: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 18-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിനാണ് സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. സ്വയംഭരണ കോളേജുകളിൽ സർക്കാരിന്റെ വ്യക്തമായ നിരീക്ഷണവും നിയമപരമായ നിയന്ത്രണങ്ങളും അത്യന്താപേക്ഷിതമാണ്. സിലബസ് നിർണ്ണയം, പ്രവേശന

മാനദണ്ഡങ്ങൾ, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയിലെല്ലാം സുതാര്യവും ജനാധിപത്യപരവുമായ ഇടപെടൽ ആവശ്യമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതും കോഴിക്കോട് ലാ കോളേജിന്റെ വികസനത്തിനായി കർമ്മ പദ്ധതികൾ നടപ്പിലാക്കിയതും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വിവിധ കോളേജുകളിൽ പുതിയ ബിരുദ-ബിരുദാനന്തര ബാച്ചുകൾ അനുവദിച്ചതും തൃശ്ശൂർ സർക്കാർ ലാ കോളേജിന്റെ വികസനത്തിനായി 98 ലക്ഷം രൂപ അനുവദിച്ചതും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആധുനിക ലാബ് സമുച്ചയം സ്ഥാപിച്ചതും ഉന്നതവിദ്യാഭ്യാസ രംഗത്തെ സർക്കാരിന്റെ നേട്ടങ്ങളാണ്. കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ

താല്പര്യപ്രകാരം തെരഞ്ഞെടുക്കാനാകുന്നതും ഉപരിപഠന സാധ്യതയുള്ളതുമായ അക്കാദമിക-ഗവേഷണ വിഷയങ്ങൾ ആരംഭിച്ചാൽ മാത്രമേ ഉന്നതവിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഗവേഷണത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ബിരുദ കോഴ്സുകൾ നാലുവർഷമാക്കുന്നതും ഡ്യൂവൽ ഡിഗ്രി സംവിധാനം ഏർപ്പെടുത്തുന്നതും പരിഗണിക്കണം. ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ജി.ഇ.ആർ. (ഗ്രോസ് എൻറോൾമെന്റ് റേഷ്യോ) ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം. എൻ.ഐ.ആർ.എഫ്. റാങ്കിംഗ് ഉയർത്തുന്നതിനും യൂണിവേഴ്സിറ്റികളിൽ ഗവേഷണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും 'റൂസ' ഫണ്ട് ലഭ്യമാക്കുന്നതിനുമായി സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് ടാർജറ്റഡ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണം. സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ വിഷയം പരിഹരിക്കണം. യു.ജി.സി.യുടെ ഓൺലൈൻ കോഴ്സിന് കേരളത്തിലെ സർവ്വകലാശാലകൾക്ക് അനുമതി ലഭിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): കാലഘട്ടത്തിനനുസൃതമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ

ഒരുക്കിയെടുക്കാനുള്ള ഉത്തരവാദിത്വമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. കരിക്കുലത്തിലും ബോധനരീതികളിലും സമീപനത്തിലും മാറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ സമഗ്രപരിഷ്കരണത്തിന് ഒരു ഉന്നതവിദ്യാഭ്യാസ കമ്മീഷനും കാലഹരണപ്പെട്ട ചട്ടങ്ങളുടെയും നിയമങ്ങളുടെയും കാലാനുസൃതമായ പരിഷ്കരണത്തിന് നിയമ പരിഷ്കരണ കമ്മീഷനും പരീക്ഷകളുടെ പരിഷ്കരണത്തിന് പരീക്ഷാ പരിഷ്കരണ കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.ആർ.എഫ്.ന്റെ ആദ്യ നൂറ് റാങ്കുകളിൽ കേരളത്തിലെ 4 സർവ്വകലാശാലകളും 17 കോളേജുകളും ഉൾപ്പെട്ടിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലാനുസൃതമായി കോഴ്സുകൾ പുന:സംഘടിപ്പിച്ച് ഗുണമേന്മയേറിയതും ചെലവ് കുറഞ്ഞതുമായ മികച്ച വിദ്യാഭ്യാസ സാഹചര്യങ്ങളൊരുക്കുന്നതാണ്. സംസ്ഥാനത്തിന്റെയും യൂണിവേഴ്സിറ്റികളുടെയും മേൽനോട്ട നിയന്ത്രണങ്ങൾക്ക് വിധേയമായിത്തന്നെ ആട്ടോണമസ് സ്ഥാപനങ്ങളും പ്രവർത്തിക്കണമെന്ന നിലപാടാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. കെ.ടി.യു.-വിൽ പരീക്ഷകൾ കൃത്യമായി നടത്തുകയും ഡിജിലോക്കറിൽ നിന്ന് സർട്ടിഫിക്കറ്റ് ഡൗൺലോഡ്

ചെയ്തെടുക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സീറ്റുകളും പഠനസൗകര്യങ്ങളും വർദ്ധിപ്പിച്ചതും കുട്ടികൾക്ക് വിദ്യാഭ്യാസ സാഹചര്യങ്ങൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ നിരവധി ഫെല്ലോഷിപ്പുകൾ അനൗൺസ് ചെയ്തതും സർക്കാരിന്റെ നേട്ടങ്ങളാണ്.

നിരാകരണ പ്രമേയങ്ങൾ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.

*******